# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1511 14.6.2013-ൽ മറുപടിയ്ക്ക്

**ബുൾ ആക്ട് ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ നിലവിലുള്ള ബുൾ ആക്ട് പ്രകാരം വിത്തുകാളയെ വളർത്തുന്നതും സ്വാഭാവിക രീതിയിൽ ഇണ ചേർക്കുന്നതും ക്രിമിനൽ കുറ്റമാണോ ; | എ) | കേരള ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്ട് 1961 പ്രകാരം വിത്തുകാളകളെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്.ഇതു പ്രകാരം ലൈസൻസുള്ള വിത്തുകാളകളെ വളർത്തുന്നത് ക്രിമിനൽ കുറ്റമല്ല. എന്നാൽ ലൈസൻസ് ഇല്ലാതെ വിത്തുകാളകളെ വളർത്തുന്നതും സ്വാഭാവിക രീതിയിൽ ഇണചേർക്കുന്നതും ക്രിമിനൽ കുറ്റമാണ്. |
| ബി) | കേരളത്തിലെ ഔഷധഗുണമുള്ള പാൽ ലഭിക്കുന്ന കാസർഗോഡ് കുള്ളൻ, വെച്ചൂർ എന്നീ ഇനങ്ങളുടെ ബീജം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | ഇതുമൂലം കാസർഗോഡ് കുള്ളൻ, വെച്ചൂർ എന്നീ ഇനങ്ങൾ വംശനാശ ഭീഷണി നേരിടുന്ന കാര്യം അറിയുമോ; | സി) | കാസർഗോഡ് കുള്ളൻ, വെച്ചൂർ എന്നീ ഇനങ്ങളുടെ ബീജം ലഭ്യമാകുന്നതിനാൽ വംശനാശ ഭീഷണി നേരിടുന്നില്ല. കാസർഗോഡ് ജില്ലയിൽ ബദിയടുക്കയിൽ കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിന് ഫാം സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ ഇന്ത്യൻ ബ്രീഡുകളായ ഗീർ, സഹിവാൾ, ടാർപാർക്കർ, വെച്ചൂർ , കാസർഗോഡ് കുള്ളൻ എന്നിവയുടെ ബീജം ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) | നിലവിൽ ഗിർ, വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് എന്നിവയുടെ ബീജം ലഭ്യമാണ്. പ്രജനന നയം അവലോകനം ചെയ്ത ശേഷം ആവശ്യമെങ്കിൽ മറ്റു ഇനങ്ങളുടെ ബീജം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | ഇല്ലായെങ്കിൽ ഇന്ത്യൻ ബ്രീഡുകൾക്ക് സ്വാഭാവികമായി ഇണ ചേരാനുള്ള തടസം ബുൾ ആക്ട് ഭേദഗതി ചെയ്ത് നീക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ) | ബാധകമല്ല |

Seele
സെക്ഷൻ ഓഫീസർ